(ബി) റേഷൻ കാർഡിൽ മത്സ്യത്തൊഴിലാളി എന്ന് രേഖപ്പെടുത്തിയവരെയോ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മെമ്പർഷിപ്പിന്റെയോ അടിസ്ഥാനത്തിലോ കടാശ്വാസ കമ്മീഷൻ അപേക്ഷ സ്വീകരിച്ചിരുന്നോ;

(സി) എങ്കിൽ ഇക്കാര്യത്തിലുള്ള നടപടിക്രമങ്ങൾ ഏതുവരെയായി ; വിശദമാക്കുമോ?

ഉത്തരം

(എ) 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം.

(ബി) 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമത്തിന്റെ 2(xiii) വകുപ്പ് പ്രകാരമുള്ള മത്സ്യത്തൊഴിലാളി എന്ന നിർവ്വചനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരെ നേരിൽ കേട്ട് മത്സ്യത്തൊഴിലാളി എന്ന് കണ്ടെത്തിയവരുടെ അപേക്ഷകളാണ് കമ്മീഷൻ പരിശോധിച്ചത്.

(സി) മത്സ്യഫെഡ് വഴി ഹഡ്കോ പ്രകാരമുള്ള ഭവനനിർമ്മാണത്തിനും എൻ.സി.ഡി.സി. വഴി മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനും എടുത്ത 26.86 കോടി രൂപയുടെ കടങ്ങൾ ഒന്നാം ഘട്ടമായി എഴുതിതള്ളുകയും രണ്ടാം ഘട്ടമായി സഹകരണ സ്ഥാപനങ്ങൾ വഴിയായും മത്സ്യഫെഡ് വഴിയായും മത്സ്യത്തൊഴിലാളികൾ എടുത്ത 253.59 കോടി രൂപയുടെ കടങ്ങൾ എഴുതി തള്ളുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതുവഴി ഏകദേശം 1,20,000 മത്സ്യത്തൊഴിലാളികൾക്ക്പ്രയോജനം ലഭ്യമാകും. രണ്ടാമത്തെ ഘട്ടമായി അനുവദിച്ച 253.59 കോടി രൂപയിൽ 100 കോടി രൂപ ഈ വർഷം തന്നെ അനുവദിക്കും.

കടാശ്വാസ കമ്മീഷന് കൈമാറിയ തുക

289 (5ന) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസത്തിനുവേണ്ടി സർക്കാർ എത്ര കോടി രൂപ കടാശ്വാസ കമ്മീഷന് കൈമാറിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കടം എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് കടാശ്വാസ കമ്മീഷന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിൽ എത്ര അപേക്ഷകളിൽ തീർപ്പു കൽപ്പിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) അപേക്ഷകളിൽ തീർപ്പു കൽപ്പിക്കുന്നതിൽ കാലതാമസമുണ്ടാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി കടാശ്വാസ കമ്മീഷന് നൽകിയ തുക കൈമാറിയിട്ടില്ല. കടം നൽകിയ സ്ഥാപനങ്ങൾക്കാണ് തുക കൈമാറുന്നത്. അത് പ്രകാരം ആദ്യഘട്ടമായി മത്സ്യഫെഡിന് 26.86 കോടി രൂപയും രണ്ടാം ഘട്ടമായി സഹകരണ സ്ഥാപനങ്ങൾക്ക് 253.59 കോടി രൂപയും കൈമാറുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) 1,12,377 അപേക്ഷകൾ. ഒരപേക്ഷകനുള്ള എല്ലാ കടങ്ങളും ഒറ്റ അപേക്ഷയിൽ തന്നെ രേഖപ്പെടുത്തുവാൻ അനുവദിച്ചിട്ടുള്ളതിനാൽ മത്സ്യത്തൊഴിലാളി സംഘങ്ങൾ, സഹകരണ ബാങ്കുകൾ, ദേശസാൽക്കൃത-ഷെഡ്യൂൾഡ് ബാങ്കുകൾ, പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ നിന്നും ഉത്തമർണ്ണർമുഖേന നിന്നും എടുത്തിട്ടുള്ള വായ്പകൾ ഒരേ അപേക്ഷയിൽ തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വായ്പകളെ അവ നൽകിയ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കിയാണ് കമ്മിഷൻ കടാശ്വാസത്തിനായി പരിഗണിക്കുന്നത്. എല്ലാ കടങ്ങളും പരിഗണിച്ച ശേഷമേ തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം കണക്കാക്കുവാൻ കഴിയുകയുള്ളൂ. എങ്കിലും ഇതുവരെയുള്ള നടപടികളുടെ ഭാഗമായി ഏകദേശം 1,20,000 പേർക്ക് കടാശ്വാസ നടപടിയുടെ പ്രയോജനം ലഭ്യമാവുന്നതാണ്.

(സി) കാലതാമസമുണ്ടാകുന്നില്ല.

പോളശല്യംമൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾ

220(512) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേമ്പനാട്ടുകായലിലെ പോളമൂലം അരൂർ, ചേർത്തല മണ്ഡലങ്ങളിലെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) പോള നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പോള ഉപയോഗിച്ച് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ഡി) പോളശല്യംമൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുളവാഴ നിർമ്മാർജ്ജനവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വികസനവും എന്ന ഒരു പദ്ധതി കുട്ടനാട് പാക്കേജിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. യന്ത്രങ്ങൾ ഉപയോഗിച്ച് പോള നീക്കം ചെയ്യൽ, മണ്ണിര ഉപയോഗിച്ചുള്ള വളം നിർമ്മാണം ജൈവ വാതക നിർമ്മാണം എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. ഇതിന്റെ ഭാഗമായി തകഴി പഞ്ചായത്തിലെ തെന്നടി-പള്ളിത്തോട്, ആറാട്ടുതോട് എന്നിവിടങ്ങളിലെ പോള, യന്ത്രങ്ങൾ ഉപയോഗിച്ച് പൂർണ്ണമായി നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly